Reg. No. : ...............................

Name : ...............................

137

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2024

## Part – III

## GEOGRAPHY

**Maximum : 60 Scores**

**(1 Map Attached)**

Time : 2 Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read the instructions carefully.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കുക
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

Score

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4×1=4)
**1 സ്കോർ വിതം.**

**1.** വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യക്കുള്ള സ്ഥാനം ________

a) 5 b) 6 c) 7 d) 8

**2.** ഗ്രഹങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ഇമ്മാനുവൽ കാൻട് ആവിഷ്കരിച്ച സിദ്ധാന്തം.

a) സ്ഥിര സ്ഥിതി സിദ്ധാന്തം
b) ബൈനറി സ്റ്റാർ തിയറി
c) നെബുലാർ സിദ്ധാന്തം
d) വൻകര വിസ്ഥാപന സിദ്ധാന്തം

**3.** ഐസോബാറുകൾക്ക് സമാന്തരമായി വീശുന്ന കാറ്റുകൾ

a) ഹരികയിൻ
b) ജിയോസ്ട്രോഫിക്
c) ടൈഫൂൺ
d) ജറ്റ്സ്ട്രീം

**4.** പർവ്വത രൂപീകരണ പ്രക്രിയകൾ

a) ഓറോജെനിക്
b) എപ്പിറോജനിക്
c) ദ്രവ്യ നീക്കം
d) എക്സ്ഫോളിയേഷൻ

**5.** കാലാവസ്ഥാപരമായി കൂടുതൽ പ്രാധാന്യമുള്ള വാതകം ________

a) ഓക്സിജൻ
b) നൈട്രജൻ
c) ഹീലിയം
d) കാർബൺഡയോക്സൈഡ്

**6 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.** (8×2=16)
**2 സ്കോർ വീതം.**

**6.** ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗങ്ങളിലെ ഏതെങ്കിലും നാലെണ്ണം പട്ടികപ്പെടുത്തുക.

**7.** താഴെ തന്നിരിക്കുന്ന പദങ്ങൾ നിർവചിക്കുക.

a) ക്ലൈമറ്റോളജി
b) ഹൈഡ്രോളജി

**8.** ഭൂവൽക്കത്തിന്റെ ഉള്ളിൽ വച്ച് ലാവ തണുത്തുറഞ്ഞു വ്യത്യസ്ത രൂപങ്ങൾ ഉണ്ടാകുന്നു. ഇവ ഏതെല്ലാമെന്ന് കണ്ടെത്തി എഴുതുക.

**9.** ഭൂകമ്പത്തിന്റെ ദുരന്ത ഫലങ്ങൾ ലഘൂകരിക്കുവാനുള്ള രണ്ട് മാർഗങ്ങൾ നിർദ്ദേശിക്കുക.

**10.** ഫലക ചലന സിദ്ധാന്ത പ്രകാരമുള്ള ഏതെങ്കിലും നാല് പ്രധാന ഫലകങ്ങളുടെ പേര് എഴുതുക.

Score

11. മഴനിഴൽ പ്രദേശങ്ങൾ ഒരു പ്രത്യേക തരം മഴയുമായി ബന്ധപ്പെട്ടതാണ്. ഏതുതരം മഴയെന്ന് തിരിച്ചറിഞ്ഞ് വിവരിക്കുക.

12. അന്തരീക്ഷത്തിലേക്ക് ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നത് കുറയ്ക്കുന്നതിനുള്ള അന്താരാഷ്ട്ര ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്, പ്രാഥമിക ഹരിതഗൃഹ വാതകങ്ങളുടെ പേരെഴുതുക.

13. സമുദ്രത്തിന്റെ അടിത്തട്ടിലെ നാല് പ്രധാന വിഭാഗങ്ങൾ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തുക.

14. ഉഷ്ണമേഖല ചക്രവാതങ്ങളും മിതോഷ്ണമേഖലാ ചക്രവാതങ്ങളും താരതമ്യം ചെയ്യുക.

15. വിവിധ തലങ്ങളിൽ ജൈവവൈവിധ്യത്തിന്റെ പങ്ക് പരിശോധിക്കുക.

**16 മുതൽ 26 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**3 സ്കോർ വീതം.** (8×3=24)

16. ഗംഗാനദിയുടെ നീരൊഴുക്ക് വ്യൂഹത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
    സൂചനകൾ :
    - ഉത്ഭവം
    - അവസാനം ചെന്ന് പതിക്കുന്ന സമുദ്രം
    - പോഷക നദികൾ

17. ഊഷ്മാവിന്റെ വിതരണത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളെ സൂചിപ്പിക്കുക.

18. ഇന്ത്യയിലെ വന്യജീവി സമ്പത്ത് കുറയുവാനുള്ള കാരണങ്ങൾ എഴുതുക.

19. പ്രപഞ്ച ഉല്പത്തിയെ കുറിച്ചുള്ള സിദ്ധാന്തങ്ങളിൽ ഏറ്റവും പ്രസിദ്ധമായതാണ് ബിഗ് ബാംഗ് തിയറി. ഈ സിദ്ധാന്തത്തിലെ മൂന്ന് പ്രപഞ്ച വികസന ഘട്ടങ്ങൾ എഴുതുക.

20. a) അഞ്ച് അടിസ്ഥാന ഘടകങ്ങൾ മണ്ണിന്റെ രൂപവത്കരണത്തെ നിയന്ത്രിക്കുന്നു, ഏതെങ്കിലും മൂന്ന് എഴുതുക.
    b) അപക്ഷയ പ്രക്രിയകളുടെ മൂന്ന് പ്രധാന ഗ്രൂപ്പുകളെ പരാമർശിക്കുക.

21. താഴെ കൊടുത്തിട്ടുള്ള ഭൂരൂപങ്ങളെ അവയുടെ ഭൂരൂപമാറ്റ സഹായികളെ അടിസ്ഥാനമാക്കി ഖാദന നിക്ഷേപ രൂപങ്ങളെന്ന് തരംതിരിക്കുക.
(ഗുഹകൾ, മൊറൈനുകൾ, കൂൺ ശില, സിർക്ക്, ബാർക്കൺ, സ്റ്റാലെക്റ്റൈറ്റ്)

| സഹായി | ഖാദന രൂപങ്ങൾ | നിക്ഷേപ രൂപങ്ങൾ |
|---|---|---|
| കാറ്റ് | | |
| ഭൂഗർഭ ജലം | | |
| ഹിമാനി | | |

Score

22. ചെറുകുറിപ്പ് തയ്യാറാക്കുക.

a) സംവഹനം b) സംനയനം

23. ഇന്ത്യയിലെ സാമ്പത്തിക ജിവിതത്തിൽ മൺസൂണിന്റെ സ്വാധീനം വിശകലനം ചെയ്യുക.

24. ചിത്രത്തിൽ കാണിച്ചിരിക്കുന്ന പ്രതിഭാസത്തെ തിരിച്ചറിഞ്ഞ് വിവരിക്കുക.




25. ട്രോപ്പോസ്ഫിയറിനെയും സ്ട്രാറ്റോസ്ഫിയറിനെയും വേർതിരിച്ച് എഴുതുക.

26. ഈർപ്പമുള്ള കാലാവസ്ഥയിൽ ഭൂമിയുടെ ഉപരിതലത്തെ രൂപപ്പെടുത്തുന്നതിൽ ഏറ്റവും പ്രബലമായ ജിയോമോർഫിക് ഏജന്റാണ് ഒഴുകുന്ന വെള്ളം. വിശദീകരിക്കുക.

**27 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** (4×4=16)

27. ഇന്ത്യയുടെ പടിഞ്ഞാറൻ തീരസമതലങ്ങളെയും കിഴക്കൻ തീരസമതലങ്ങളെയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

28. ഭൂമിയുടെ ഉൾഭാഗത്തെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന സ്രോതസ്സുകളെ കുറിച്ച് വിവരിക്കുക.

29. ആൽഫ്രഡ് വേഗ്നറുടെ അഭിപ്രായത്തിൽ ഇന്നത്തെ ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും രൂപപ്പെട്ടത് ഒരു ബൃഹത് ഭൂഖണ്ഡത്തിൽ നിന്നും സമുദ്രത്തിൽ നിന്നുമാണെന്നാണ്. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a) ബൃഹത് ഭൂഖണ്ഡത്തിന്റെയും സമുദ്രത്തിന്റെയും പേരെഴുതുക.

b) പ്രസ്തുത സിദ്ധാന്തത്തെ അനുകൂലിക്കുന്ന മൂന്നു തെളിവുകൾ പട്ടികപ്പെടുത്തുക.

30. സൂര്യൻ ചന്ദ്രൻ ഭൂമി എന്നിവയുടെ സ്ഥാനത്തെ അടിസ്ഥാനമാക്കി രൂപപ്പെടുന്ന വേലികളെ തരംതിരിക്കുക. ഒന്നിനെക്കുറിച്ച് വിവരിക്കുക.

31. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് തന്നിരിക്കുന്ന ഇന്ത്യയുടെ ഭൂപട രൂപരേഖയിൽ അടയാളപ്പെടുത്തുക.

a) ഇന്ത്യയെ ശ്രീലങ്കയിൽ നിന്നും വേർതിരിക്കുന്ന കടലിടുക്ക്

b) അറേബ്യൻ സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ദ്വീപ് സമൂഹം

c) രാജസ്ഥാനിലെ വലിയ നദി വ്യവസ്ഥ

d) പശ്ചിമ ബംഗാളിലെ കണ്ടൽക്കാടുകൾ കൂടുതലായി കാണപ്പെടുന്ന പ്രദേശം.